SUNDAY 18-09-2022 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/09/2022.

1. കൃഷി -മൃഗസംരക്ഷണ -ക്ഷീരവികസന വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചതായി കൃഷിമന്ത്രി പി പ്രസാദ് അറിയിച്ചു.

2. 2022 സീസണിലെ കൊപ്ര സംഭരണത്തിനായി ആഗസ്റ്റ് 1 വരെ അനുവദിച്ചിരുന്ന കാലാവധി നവംബർ 6 വരെ നീട്ടി.

3. നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള നാടൻ, കുറിയ ഇനം തെങ്ങിൻ തൈകൾ വിൽപനയ്ക്കു തയാറായിട്ടുണ്ട്. നാടൻ തൈ ഒന്നിന് 100 രൂപയും, കുള്ളൻ തൈ ഒന്നിന് 110 രൂപയുമാണ് വില. 10 തൈകൾ എങ്കിലും വാങ്ങുന്ന കർഷകർക്ക് സി.ഡി.ബിയുടെ തെങ്ങു പുതുകൃഷി പദ്ധതി പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായോ **0485 – 2254240** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

4. പാളയം സാഫല്യം കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കൃഷി ഭവനിൽ അത്യുത്പ്പാദന ശേഷിയുള്ള നാടൻ തെങ്ങിൻ തൈകൾ വില്പനയ്ക്കായി എത്തിച്ചേർന്നിട്ടുണ്ട്. ഒരെണ്ണത്തിന് 50 രൂപയാണ് വില. ആവശ്യമുള്ളവർ കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു

5. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും എല്ലാ ദിവസങ്ങളിലും പ്രവർത്തിസമയങ്ങളിൽ നായ്ക്കൾക്കും പൂച്ചകൾക്കുമുള്ള വാക്സിൻ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയതായി ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

6. സദാനന്ദപുരം കാർഷിക ഗവേഷണ കേന്ദ്രം കാലം തെറ്റി കായ്ക്കുന്ന പ്ലാവുകളെയും വർഷം മുഴുവൻ ചക്ക തരുന്ന വിവിധ ഇനങ്ങളെയും കുറിച്ച് പഠിക്കാൻ പുതിയ പദ്ധതി നടപ്പിലാക്കുന്നു. വിവിധ ഇനം ചക്കകളെ കുറിച്ച് അറിവുള്ളവർ **8137840196** എന്ന ഫോൺ നമ്പറിൽ വിളിച്ചോ വാട്സാപ്പ് സന്ദേശം അയച്ചോ വിവരങ്ങൾ നൽകാവുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. **ഇലകമൺ** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഈ മാസം 19,20,22,23 തീയതികളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

8. **കാട്ടാക്കട** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ ഈ മാസം 28 വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടാതെ, ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പിൽ കൊണ്ടുവരാൻ സാധിക്കാത്ത നായ്ക്കളെ ഈ മാസം 17 മുതൽ 28 (സെപ്റ്റംബർ 17 മുതൽ 28 വരെ) വരെയുള്ള തീയതികളിൽ ആശുപത്രിയിൽ കൊണ്ടുവന്ന് വാക്സിനേഷൻ എടുക്കാവുന്നതാണെന്നും സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു

## പരിശീലന പരിപാടികൾ

9. കേരള കാർഷിക സർവ്വകലാശാല, സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തിയിൽ ഈ മാസം 28-നും (സെപ്റ്റംബർ 28) ഒക്ടോബർ 19, 20 -നും ചീര, മുരിങ്ങ, ബസെല്ല ചീര, ചെക്കുർമാണിസ്, സാമ്പാർ ചീര, മല്ലി, തഴുതാമ, ഉലുവയില തുടങ്ങിയ ഇലക്കറി വിളകളുടെ കൃഷി മുറകളെ കുറിച്ച് സൗജന്യ ഓൺലൈൻ പരിശീലനം നടത്തുന്നു. https://forms.gle/bR3i4RaFfNX3xTp37 എന്ന ലിങ്കിലൂടെ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി സെപ്റ്റംബർ 20 ആണ്.

10. പാലക്കാട് പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ **സൂക്ഷ്മ ജലസേചന രീതികളെക്കുറിച്ച്** പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

11. തലയോലപറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 22,23 (22/09/22, 23/09/22) തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സുകൾ നടത്തുന്നു.

താൽപര്യമുള്ളവർ **9188522706** എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം മുഖേനയോ അല്ലെങ്കിൽ **04829234323** എന്ന നമ്പറിൽ ഫോൺ ചെയ്തോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർപാലിന്റെ ഉണക്കത്തൂക്കം** (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് സെപ്റ്റംബർ 21 മുതൽ 23 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് **0481 2353127, 7306464582** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.

കാർഷിക നിർദ്ദേശങ്ങൾ

13. മാവ് പൂക്കാൻ വേണ്ട ഹോർമോൺ പ്രയോഗം ഈ സമയത്ത് അനുവർത്തിക്കേണ്ടതാണ്. പാക്ളോ ബ്യൂട്ടറസോൾ (കൾട്ടാർ) എന്ന രാസവസ്തുവിന്റെ ഉപയോഗം മാവ് പൂക്കുന്നതിന് സഹായിക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഓഗസ്റ്റ് - സെപ്റ്റംബർ മാസത്തിൽ കൾട്ടാർ 20 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലർത്തി മരത്തിന് ചുറ്റുമായി രണ്ടടി അകലത്തിൽ 15 സെ.മീ താഴ്ചയിൽ ചാലുണ്ടാക്കി ഒഴിച്ചു കൊടുക്കുന്നതു വഴി കായിക വളർച്ച തടഞ്ഞ് മാവുകൾ നേരത്തെ തന്നെ സമൃദ്ധമായി പൂക്കുന്നതായി കണ്ടുവരുന്നു. കൾട്ടാർ ഒഴിക്കുമ്പോൾ മഴ ഇല്ലാത്ത സമയമാണെങ്കിൽ പൂക്കുന്നതുവരെയും 12-15 ദിവസത്തിലൊരിക്കൽ നനച്ചുകൊടുക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം